©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 മേയ് 04
04th May 2026
1201 മേടം 21
21st Medam 1201
1948 വൈശാഖം 14
14th Vaisakha 1948

നമ്പർ
No.
1504

കേരള സർക്കാർ

ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്

വിജ്ഞാപനം

നം.ആഭ്യന്തരം-എസ്.എസ്.എ 2/39/2026-ആഭ്യന്തരം. *തിരുവനന്തപുരം, 2026 മേയ് 03*
1201 മേടം 20
1948 വൈശാഖം 13

എസ്. ആർ. ഒ. നമ്പർ 488/2026

പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ തലപ്പിള്ളി താലൂക്കിൽ മുണ്ടത്തിക്കോട് വില്ലേജിൽ തൃശ്ശൂർ പൂരത്തിനായി തിരുവമ്പാടി വിഭാഗത്തിന് വെടിക്കെട്ട് സാമഗ്രികൾ നിർമിച്ചിരുന്ന വെടിക്കെട്ടുപുരയിൽ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

21.04.2026-ൽ നിരവധി പേർ മരണപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സ്ഫോടനത്തിലേക്ക് നയിച്ച സാഹചര്യങ്ങളും കാരണങ്ങളും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു 'ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ' നിയമിക്കേണ്ടത് ആവശ്യമാണെന്ന് കേരള സർക്കാരിന് അഭിപ്രായമുള്ളതിനാൽ 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്ടിലെ (1952–ലെ 60–ാം കേന്ദ്ര ആക്ട്) 3–ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ശ്രീ.സി.എൻ.രാമചന്ദ്രൻ നായരെ (റിട്ട. ഹൈക്കോടതി ജഡ്ജി) [3 ബി, ഭവാനി അപ്പാർട്ട്മെന്റ്സ്, കുന്നുംപുറം, കാക്കനാട്, കൊച്ചി -682030] 2026 ഏപ്രിൽ 22-ലെ 1444–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 481/2026 പ്രകാരം പ്രസിദ്ധീകരിച്ച 2026 ഏപ്രിൽ 22-ലെ വിജ്ഞാപനം നമ്പർ ആഭ്യന്തരം-എസ്.എസ്.എ 2/39/2026-ആഭ്യന്തരം പ്രകാരം കമ്മീഷൻ ഓഫ് ഇൻക്വയറി ആയി നിയമിച്ചിരുന്നു.

ശ്രീ.സി.എൻ.രാമചന്ദ്രൻ നായർ അന്വേഷണ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളായി ചുവടെ ചേർത്തിരിക്കുന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

(i) 2026 ഏപ്രിൽ 21–ാം തീയതി തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് നിർമ്മാണ ശാലയിൽ ഉണ്ടായ അപകടത്തിലേക്ക് നയിച്ച പ്രത്യേകമായ കാരണങ്ങൾ, സാഹചര്യങ്ങൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് അന്വേഷിക്കുക.

(ii) സ്ഫോടകവസ്തു ആക്ട് 1884, സ്ഫോടകവസ്തു ആക്ട് 1908, സ്ഫോടകവസ്തു ചട്ടങ്ങൾ 2008 അല്ലെങ്കിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് പ്രസക്തമായ നിയമങ്ങൾ, ചട്ടങ്ങൾ അല്ലെങ്കിൽ നിയമാനുസൃതമായ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം സ്ഫോടകവസ്തുക്കളുടെയോ, വെടിക്കെട്ട് സാമഗ്രികളുടെയോ നിർമ്മാണം, സംഭരണം, കൈകാര്യം ചെയ്യൽ എന്നിവയിൽ എന്തെങ്കിലും ലംഘനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുക.

(iii) പ്രസ്തുത സംഭവം തടയുന്നതിൽ ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) സുരക്ഷാ മാർഗ്ഗങ്ങളുടെ നടപ്പാക്കൽ സംബന്ധിച്ച വിലയിരുത്തൽ; വെടിക്കെട്ടുമായി ബന്ധപ്പെട്ട് ആധുനികവും, സുരക്ഷിതവുമായ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക, ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും വിവിധ ഏജൻസികൾ സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുക.

(v) അന്വേഷണ വേളയിൽ മേൽപറഞ്ഞവയുമായി ബന്ധപ്പെട്ടോ അനുബന്ധമായോ ഉയർന്നു വന്നേക്കാവുന്ന മറ്റ് കാര്യങ്ങൾ പരിശോധിക്കുക.

കമ്മീഷൻ അതിന്റെ റിപ്പോർട്ട് 2026 ഏപ്രിൽ 22-ാം തീയതിയിലെ ആഭ്യന്തരം-എസ്.എസ്.എ 2/39/2026-ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ ആറ് മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ബിശ്വനാഥ് സിൻഹ

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ തലപ്പിള്ളി താലൂക്കിൽ മുണ്ടത്തിക്കോട് വില്ലേജിൽ തൃശ്ശൂർ പൂരത്തിനായി തിരുവമ്പാടി വിഭാഗത്തിന് വെടിക്കെട്ട് സാമഗ്രികൾ നിർമിച്ചിരുന്ന വെടിക്കെട്ടുപുരയിൽ, 21.04.2026-ൽ നിരവധി പേർ മരണപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സ്ഫോടനത്തിലേക്ക് നയിച്ച സാഹചര്യങ്ങളും കാരണങ്ങളും അന്വേഷിക്കുന്നതിനായി 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്ടിലെ (1952-ലെ 60-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ശ്രീ.സി.എൻ.രാമചന്ദ്രൻ നായരെ (റിട്ട. ഹൈക്കോടതി ജഡ്ജി) [3 ബി, ഭവാനി അപ്പാർട്ട്മെന്റ്സ്, കുന്നുംപുറം, കാക്കനാട്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊച്ചി -682030] 2026 ഏപ്രിൽ 22-ലെ 1444-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 481/2026 പ്രകാരം പ്രസിദ്ധീകരിച്ച 2026 ഏപ്രിൽ 22-ലെ വിജ്ഞാപനം നമ്പർ ആഭ്യന്തരം-എസ്.എസ്.എ 2/39/2026-ആഭ്യന്തരം പ്രകാരം കമ്മീഷൻ ഓഫ് ഇൻക്വയറി ആയി നിയമിച്ചിരുന്നു. കമ്മീഷൻ ഓഫ് ഇൻക്വയറിയുടെ കാലാവധി, പരിഗണനാ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ കമ്മീഷന്റെ കാലാവധിയും പരിഗണനാ വിഷയങ്ങളും നിശ്ചയിച്ചു.

മേൽപറഞ്ഞ ആവശ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Home (Secret Section – A) Department

NOTIFICATION

No.HOME-SSA2/39/2026-HOME. *Dated, Thiruvananthapuram, 3rd May 2026*
20th Medam 1201
S. R. O. No. 488/2026 *13th Vaisakha 1948*

WHEREAS, the Government of Kerala are of the opinion that it is necessary to appoint a Judicial Commission of Inquiry for the purpose of making an inquiry into a definite matter of public importance, namely, the circumstances and causes that led to the explosion on 21.04.2026 at the fireworks manufacturing facility (Vedikkettu Pura) located in Mundathikkode Village, Thalappilly Taluk, Wadakkanchery Municipality in Thrissur District, where fireworks materials were being prepared for the Thiruvambady side for the Thrissur Pooram, and to submit a report thereof in exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952), the Government of Kerala appointed a Commission of Inquiry consisting of Shri C.N.Ramachandran Nair, (Retired Judge of the High Court) [3B, Bhavani Apartments, Kunnumpuram, Kakkanad, Kochi 682030] to inquire into the matter, vide notification No.HOME-SSA2/39/2026-HOME dated 22nd April, 2026 and published as S.R.O. No.481/2026 in the Kerala Gazette Extraordinary No.1444, dated 22nd April, 2026.

Government hereby issuing Notification including the following details as the terms of reference of Shri C.N.Ramachandran Nair Inquiry Commission.

i) to inquire into the specific causes, circumstances and the events that led to the fireworks mishap happened on 21.04.2026 at the fireworks manufacturing facility in Mundathikkode, Thrissur.

ii) to inquire whether there have been any violations in the manufacture, storage, or handling of explosives, fireworks, and allied substances under the Explosives Act, 1884, the Explosive Substances Act, 1908, the Explosives Rules, 2008 or any other relevant Acts, Rules, or Statutory guidelines issued from time to time.

iii) to inquire whether there were any lapses on the part of the authorities concerned in preventing the said incident.

iv) to evaluate the implementation status of safety measures; to examine possibilities for the adoption of modern and secure technologies

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

with respect to fireworks and to suggest the measures to be adopted by various agencies to avoid recurrence of such incidents and also to ensure the safety and security of people.

v) to examine any other matter in connection with and incidental to the above that may arise during the course of inquiry.

The Commission shall submit its report to the Government within a period of six months from the date of publication of notification No.HOME-SSA2/39/2026-HOME dated 22nd April, 2026.

By order of the Governor,
BISHWANATH SINHA

Additional Chief Secretary to Government.

Explanatory Note

(This does not form the part of the notification, but is intended to indicate its general purport.)

Government as per notification No.HOME-SSA2/39/2026-HOME dated 22nd April, 2026 and published as S.R.O. No.481/2026 in the Kerala Gazette Extraordinary No.1444, dated 22nd April 2026 has appointed Shri C.N.Ramachandran Nair, (Retired Judge of the High Court) [3B, Bhavani Apartments, Kunnumpuram, Kakkanad, Kochi 682030] as Commission of Inquiry to inquire into a definite matter of public importance, namely, the circumstances and causes that led to the explosion on 21.04.2026 at the fireworks manufacturing facility (Vedikkettu Pura) located in Mundathikkode Village, Thalappilly Taluk, Wadakkanchery Municipality in Thrissur District, where fireworks materials were being prepared for the Thiruvambady side for the Thrissur Pooram, and to submit a report thereof. A separate notification is to be issued regarding the tenure and terms of reference of the Commission of Inquiry. Accordingly, the Government have decided the terms and references and the time-frame of the commission.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.04 01:09:47 +05:30